"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

എറണാകുളം ജില്ല - ആരക്കുഴ ഗ്രാമപഞ്ചായത്തിൽ പ്ലൈവുഡ് കമ്പനി തുടങ്ങുന്നതിന് നൽകിയ അനുമതി റദ്ദ് ചെയ്ത പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം സ്റ്റേ ചെയ്തുകൊണ്ടും ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണലിന്റെ ഉപദേശത്തിനായി റഫർ ചെയ്തു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.1876/2024/LSGD   തീയതി, തിരുവനന്തപുരം, 09-10-2024

---

പരാമർശം:-

1. ആരക്കുഴ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 12/08/2024-ലെ തീരുമാനം നം.25(1).
2. ആരക്കുഴ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 19/08/2024-ലെ തീരുമാനം നം.1(1).
2. ആരക്കുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22/08/2024 ലെ എസ് സി2-1059/24 നമ്പർ കത്ത്.
3. തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 20/09/2024 ലെ എൽഎസ്ജിഡി/പിഡി/31554/2024-AR5 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ ആരക്കുഴ ഗ്രാമപഞ്ചായത്തിലെ ഒമ്പതാം വാർഡിൽ പ്ലൈവുഡ് കമ്പനി തുടങ്ങുന്നതിന് ശ്രീ എൽദോസ് കെ. വി. (മാനേജിംഗ് പാർട്ണർ) ആൻഡ് അദേഴ്സ്, 3.04.2024 തീയതിയായി നൽകിയിരുന്ന അപേക്ഷ 11.06.2024-ലെ പഞ്ചായത്ത് കമ്മിറ്റി യോഗത്തിന്റെ പരിഗണനയ്ക്ക് വരികയും ജനങ്ങളുടെ ആരോഗ്യത്തെയും സ്വൈര്യജീവിതത്തെയും കാര്യമായി ബാധിക്കുന്ന പ്ലൈവുഡ് കമ്പനി തുടങ്ങുന്നത് അഭികാമ്യമല്ല എന്ന് വിലയിരുത്തി കമ്പനി തുടങ്ങുന്നതിനുള്ള പെർമിറ്റ്/ലൈസൻസ് അനുവദിക്കേണ്ടതില്ലെന്ന് കമ്മിറ്റി തീരുമാനിക്കുകയും ചെയ്തിരുന്നു. ബന്ധപ്പെട്ട എല്ലാ രേഖകളും ഹാജരാക്കിയിട്ടും അനുമതി നൽകാത്ത കമ്മിറ്റിയുടെ തീരുമാനം 2003-ലെ കേരള പഞ്ചായത്ത് രാജ് (നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമം) ചട്ടങ്ങൾ പ്രകാരം പുനഃപരിശോധിക്കുന്നതിന് സെക്രട്ടറി രേഖാമൂലം പ്രസിഡന്റിനെ അറിയിക്കുകയും തുടർന്ന് 21.06.2024-ലെ പഞ്ചായത്ത് കമ്മിറ്റി ഈ വിഷയം ചർച്ച ചെയ്യുകയും 7(1) നമ്പർ തീരുമാന പ്രകാരം ടി പ്ലൈവുഡ് കമ്പനിക്ക് നിയമാനുസൃത കെട്ടിട നിർമ്മാണ അനുമതി/കെ പി ആർ ആക്ട് 233 പ്രകാരമുള്ള ലൈസൻസ് അനുവദിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതിനേ തീരുമാനിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 01.07.2024-ൽ അപേക്ഷകൻ പെർമിറ്റ് ഫീ അടവാക്കുകയും ഗ്രാമപഞ്ചായത്ത് സെക്രട്ടറി 02/07/2024-ൽ പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

2. പ്ലൈവുഡ് കമ്പനി തുടങ്ങിയാൽ സമീപത്തെ കുടിവെള്ള പദ്ധതിയുടെ ജലം മലിനമാകുകയും ഗുരുതര ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാവുകയും ചെയ്യുമെന്ന് കാണിച്ച് 9-ാം വാർഡ് നിവാസികൾ കമ്പനി തുടങ്ങുന്നതിനെതിരെ ജനകീയ സമിതി രൂപീകരിക്കുകയും പഞ്ചായത്ത് ഓഫീസിനു മുൻപിൽ പ്രതിഷേധധർണ്ണ നടത്തുകയും 05/08/2024-ൽ ചേർന്ന പ്രത്യേക ഗ്രാമസഭ ടി കമ്പനി തുടങ്ങുന്നതിന് അനുമതി നൽകിയ പഞ്ചായത്ത് കമ്മിറ്റി തീരുമാനം റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രമേയം പാസ്സാക്കുകയും ചെയ്തതിനെത്തുടർന്ന് ഈ വിഷയം ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 12.08.2024-ലെ കമ്മിറ്റി യോഗത്തിൽ പരിശോധിക്കുകയും പൊതുജനങ്ങളുടെ ആശങ്കകളും പ്രതിഷേധസമരങ്ങളും മാനിച്ച് പ്ലൈവുഡ് കമ്പനിക്ക് അനുമതി നൽകിക്കൊണ്ടുള്ള 21/06/2024-ലെ കമ്മിറ്റിയുടെ 7(1) നമ്പർ തീരുമാനം റദ്ദ് ചെയ്യുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിക്കുകയും ചെയ്തു.

3. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം 2003-ലെ കേരള പഞ്ചായത്ത് രാജ് (നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമം) ചട്ടങ്ങൾ പ്രകാരം പുനഃപരിശോധിക്കുന്നതിന് സെക്രട്ടറി രേഖാമൂലം പ്രസിഡന്റിനെ അറിയിക്കുകയും തുടർന്ന്, 19/08/2024-ലെ പഞ്ചായത്ത് കമ്മിറ്റി ഈ വിഷയം ചർച്ച ചെയ്യുകയും, ജനകീയ ഗ്രാമപഞ്ചായത്ത് ഭരണസമിതി എന്ന നിലയിൽ പൊതുജനങ്ങളുടെ ആശങ്കയും പ്രതിഷേധവും കണ്ടില്ലെന്ന് നടിക്കുവാൻ കഴിയാത്തതിനാൽ പരാമർശം (1) പ്രകാരമുള്ള തീരുമാനം പുനപരിശോധിക്കേണ്ടതില്ല എന്ന് പരാമർശം (2) പ്രകാരം തീരുമാനിക്കുകയും ചെയ്തു. തുടർന്ന് പ്ലൈവുഡ് കമ്പനിക്ക് നൽകിയ അനുമതി റദ്ദു ചെയ്തുകൊണ്ടുള്ള ആരക്കുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 182(3) അനുസരിച്ച് പരാമർശം (3) പ്രകാരം പഞ്ചായത്ത് സെക്രട്ടറി സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്ലൈവുഡ് കമ്പനിക്ക് നൽകിയ ലൈസൻസ് റദ്ദ് ചെയ്തു കൊണ്ടുള്ള പഞ്ചായത്തു കമ്മിറ്റി തീരുമാനം പുനഃപരിശോധിക്കേണ്ടതില്ലന്ന തീരുമാനം 1999-ലെ KPRAct സെക്ഷൻ 233 (3)-നു വിരുദ്ധമാണെന്നു പരാമർശം (4) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആരക്കുഴ ഗ്രാമ പഞ്ചായത്ത് സമിതിയുടെ പരാമർശം (1), (2) എന്നിവ പ്രകാരമുള്ള തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട് 191(4) വകുപ്പ് പ്രകാരം സ്റ്റേ ചെയ്തും പ്രസ്തുത നിയമത്തിലെ 191(2) വകുപ്പ് പ്രകാരം ഇക്കാര്യം ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള ട്രൈബ്യൂണലിന് റഫർ ചെയ്തും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
H MUHAMMED FAISAL
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം (പരാമർശ പ്രമാണങ്ങളും ആമുഖ കത്തും സഹിതം)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ(റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

പ്രസിഡന്റ്, ആരക്കുഴ ഗ്രാമ പഞ്ചായത്ത്

സെക്രട്ടറി, ആരക്കുഴ ഗ്രാമ പഞ്ചായത്ത്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഉത്തരവ് വെബ് സൈറ്റിൽ

പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by

Rajesh N

Date: 09-10-2024 14:57:34

സെക്ഷൻ ഓഫീസർ